# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/36/174/2017 **പത്രക്കുറിപ്പ്** 2017 ആഗസ്റ്റ് 19

**എം. ജി ബിരുദ ഏകജാലകം : ഒന്നാം ഫൈനൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അർഹരായവർ ആഗസ്റ്റ് 21 ന് വൈകിട്ട് 4 മണിക്ക് മുൻപായി പ്രവേശനം നേടണം**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഏകജാലകം വഴി 2017ൽ ബിരുദ പ്രവേശനത്തിന് ഒന്നാം ഫൈനൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. പ്രവേശനത്തിന് അർഹത ലഭിച്ച അപേക്ഷകർ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് ഓൺലൈനായി സർവ്വകലാശാല അക്കൗണ്ടിൽ വരേണ്ട ഫീസടച്ച് ആഗസ്റ്റ് 21 ന് വൈകുന്നേരം നാലു മണിക്കു മുൻപായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം ഹാജരായി പ്രവേശനം നേടേണ്ടതാണ്. ആഗസ്റ്റ് 21 ന് വൈകുന്നേരം നാലു മണിക്കു മുൻപായി ഫീസ് അടക്കാത്തവരുടെയും ഫീസടച്ച ശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്. ഫൈനൽ അലോട്ട്മെന്റ് ലഭിക്കുന്ന എല്ലാവരും സ്ഥിരപ്രവേശനം നേടേണ്ടതാണ്. ഫൈനൽ അലോട്ട്മെന്റിൽ ഹയർ ഓപ്ഷൻ സൗകര്യം ലഭ്യമല്ലാത്തതിനാൽ സ്ഥിരപ്രവേശനം നേടാത്തവരുടെ അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്.

**പരീക്ഷകൾ മാറ്റി**

കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് നടക്കുന്നതിനാൽ മഹാത്മാഗാന്ധി സർവ്വകലാശാല ആഗസ്റ്റ് 22 ന് നടത്താൻ നിശ്ചയിച്ചിരുന്ന എല്ലാ പരീക്ഷകളും മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട്.

**അപേക്ഷാതീയതി**

രണ്ടാം സെമസ്റ്റർ എം. ഫിൽ സോഷ്യൽ വർക്ക് (2015 - 17 ബാച്ച്) ഡിഗ്രി പരീക്ഷയുടെ പ്രോജക്റ്റ് മൂല്യനിർണ്ണയത്തിനും വൈവാവോസിക്കും പിഴയില്ലാതെ ആഗസ്റ്റ് 25 വരെയും 50 രൂപ പിഴയോടെ 26 വരെയും 500 രൂപ സൂപ്പർഫൈനോടെ 30 വരെയും അപേക്ഷിക്കാം.

**പ്രാക്ടിക്കൽ പരീക്ഷ**

2017 ജൂലായിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം. എസ്‌സി. അപ്ലൈഡ് മൈക്രോബയോളജി (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ ആഗസ്റ്റ് 21, 22, സെപ്റ്റംബർ 14, 15 തീയതികളിൽ പാലാ സെന്റ് തോമസ് കോളേജിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2017 ജൂലായിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം. എസ്‌സി. മൈക്രോബയോളജി (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ ആഗസ്റ്റ് 23 ന് ബന്ധപ്പെട്ട കോളേജുകളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2017 ജൂലായിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം. എസ്‌സി. ബയോകെമിസ്ട്രി (സി. എസ്. എസ് - റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ ആഗസ്റ്റ് 23 മുതൽ അതാത് കോളേജുകളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2017 ജൂലായിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം. എസ്‌സി. ഫുഡ് ടെക്നോളജി ആന്റ് ക്വാളിറ്റി അഷ്വറൻസ്/ഫുഡ് സയൻസ് ആന്റ് ടെക്നോളജി/ഫുഡ് സയൻസ് ആന്റ് ക്വാളിറ്റി കൺട്രോൾ (സി. എസ്. എസ് - റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ ആഗസ്റ്റ് 24 മുതൽ അതാത് കോളേജുകളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2017 ജൂലായിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം. എസ്‌സി. ബയോടെക്നോളജി (സി. എസ്. എസ് - റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ ആഗസ്റ്റ് 23 മുതൽ അതാത് കോളേജുകളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2016 ജൂലായിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം. എ സോഷ്യോളജി (പ്രൈവറ്റ്/പ്രൈവറ്റ് സപ്ലിമെന്ററി)ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ ആഗസ്റ്റ് 31 വരെ സ്വീകരിക്കും.

2016 ജൂലായിൽ നടത്തിയ നാലാം സെമസ്റ്റർ എം. എ സോഷ്യോളജി (പ്രൈവറ്റ്/പ്രൈവറ്റ് സപ്ലിമെന്ററി/രണ്ടാം വർഷ സപ്ലിമെന്ററി - ആനുവൽ സ്കീം)ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ ആഗസ്റ്റ് 31 വരെ സ്വീകരിക്കും.

2016 ജൂലായിൽ നടത്തിയ നാലാം സെമസ്റ്റർ എം. എസ്‌സി. മൈക്രോബയോളജി (നോൺ സി. എസ്. എസ് സപ്ലിമെന്ററി)ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷമപരിശോധനയ്ക്കുമുള്ള അപേക്ഷകൾ സെപ്റ്റംബർ 2 വരെ സ്വീകരിക്കും.

2017 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം. എസ്‌സി. സുവോളജി (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷമപരിശോധനയ്ക്കുമുള്ള അപേക്ഷകൾ സെപ്റ്റംബർ 7 വരെ സ്വീകരിക്കും.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**